"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്ക് എരവട്ടൂർ വില്ലേജിൽ കിഴിഞ്ഞാണ്യം ദേശത്ത് റീസർവ്വേ 17/2 ബി യിൽപ്പെട്ട കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ കീഴിലുള്ള 60 സെന്റ് ഭൂമി മൾട്ടിപ്ലക്സ് തിയേറ്റർ കോംപ്ലക്സ് നിർമ്മിക്കുന്നതിനായി കേരള സ്റ്റേറ്റ് ഫിലിം ഡവലപ്പമെന്റ് കോർപ്പറേഷന് പാട്ടത്തിനു നൽകിയ കാലാവധി 30 വർഷമായി ഉയർത്തി സർക്കാർ ഉത്തരവ് ഭേദഗതി ചെയ്തു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.128/2025/RD തീയതി,തിരുവനന്തപുരം, 15-05-2025

---

പരാമർശം:- 1. 05.09.2024-ലെ സ.ഉ. (കൈ) നം. 160/2024/RD ഉത്തരവ്.

2. കേരളാ സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 03.05.2025-ലെ 2754/റ്റി1/19/കെ.എസ്.എഫ്.ഡി.സി നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്ക് എരവട്ടൂർ വില്ലേജിൽ കിഴിഞ്ഞാണ്യം ദേശത്ത് റീസർവ്വേ 17/2 ബി യിൽപ്പെട്ട കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ കീഴിലുള്ള 60 സെന്റ് ഭൂമി മൾട്ടിപ്ലക്സ് തിയേറ്റർ കോംപ്ലക്സ് നിർമ്മിക്കുന്നതിനായി കേരള സ്റ്റേറ്റ് ഫിലിം ഡവലപ്പമെന്റ് കോർപ്പറേഷന് 1,74,995/ രൂപ വാർഷിക പാട്ടനിരക്കിൽ 10 വർഷത്തേക്ക് പാട്ടത്തിന് നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ, കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്നും 30 വർഷത്തെ തിരിച്ചടവിന്റെ അടിസ്ഥാനത്തിലാണ് കിഫ്ബി ഫണ്ട് ലഭ്യമാക്കുന്നതെന്നും ആയതിനാൽ പാട്ടക്കരാറിന്റെ കാലാവധി 30 വർഷമായി ഉയർത്തി നൽകണമെന്ന് കേരളാ സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം (2) ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരളാ സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ബോധിപ്പിച്ചിരിക്കുന്ന വസ്തുതകൾ പരിഗണിച്ച് പരാമർശം (1) ഉത്തരവിലെ പാട്ടക്കാലാവധി 30 വർഷമായി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (1) ലെ ഉത്തരവ് മേൽഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡിഷണൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ&ഇ), തിരുവനന്തപുരം.

ജില്ലാ കളക്ടർ; കോഴിക്കോട്

മാനേജിങ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഫിലിം ഡവലപ്പമെന്റ് കോർപ്പറേഷൻ, തിരുവനന്തപുരം
സാംസ്കാരിക വകുപ്പ് (E-1232775) CLAD-A3/99/2019-CLAD പ്രകാരം)
ജലവിഭവ വകുപ്പ് (ഐ.ആർ1/183/2017-ജവിവ) പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
REV-L2/146/2018-REV ഫയലിലേക്ക്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Priya Vincent
സെക്ഷൻ ഓഫീസർ
Date: 15-05-2025 11:46:52